**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **27-06-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ.കെ.രമ | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എ) 2022-23 മുതൽ ഫണ്ട് വിതരണം നടത്തേണ്ടുന്ന മാനദണ്ഡം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്മേൽ സർക്കാർ തീരുമാനം കൈക്കൊണ്ട് വരികയാണ്. ആകയാൽ 2021-22 സാമ്പത്തിക വർഷത്തെ മാനദണ്ഡ പ്രകാരമാണ് നിലവിൽ ഫണ്ട് വിതരണം നടത്തിയിട്ടുള്ളത്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സർക്കാർ തീരുമാനം എടുക്കുമ്പോൾ ഫണ്ട് പുനർ വിതരണം നടത്തുന്നതായിരിക്കും. നിലവിലെ ഫണ്ട് വിതരണം നടത്തിയിരിക്കുന്ന മാനദണ്ഡം താഴെ പറയും പ്രകാരമാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വികസന ഫണ്ടിന്റെ പൊതു വിഭാഗം ഫണ്ട് 5 തലത്തിലുള്ള പ്രാദേശിക സർക്കാരുകൾക്ക് താഴെ പറയും പ്രകാരം വിഭജിച്ചിരിക്കുന്നു.

| ക്രമ നം. | മാനദണ്ഡം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
| --- | --- | --- | --- | --- | --- | --- |
| വെയിറ്റേജ് (%) | | | | | | |
| 1 | പട്ടികജാതി പട്ടികവർഗ്ഗ ഇതര ജനസംഖ്യ (2011 സെൻസസ് പ്രകാരം ) | 40 | 50 | 50 | 40 | 40 |
| 2 | വിസ്തീർണ്ണം (ചതു.കി.മീ) | 10 | 10 | 10 | 10 | 10 |
| 3 | പാരിസ്ഥിതിക ദൗർബല്യം (Environmental Vulnerability)<br>1. വെള്ളപ്പൊക്ക സമതല പ്രദേശം (Ha)<br>2. തീരദേശ മേഖലയുടെ നീളം (Km)<br>3. ഉയർന്ന അപകട സാധ്യതയുള്ള മേഖല (Ha) | 10 | 10 | 10 | 10 | 10 |
| 4 | ഇല്ലായമയുടെ തോത് (Deprivation Index)<br>1.LPG കണക്ഷൻ ഇല്ലാത്ത വീടുകൾ<br>2. വൈദ്യുതി ഇല്ലാത്ത വീടുകൾ<br>3. ജലകണക്ഷൻ ഇല്ലാത്ത വീടുകൾ<br>4. അന്ത്യോദയ അന്നയോജന മുൻഗണനയുള്ള വീടുകൾ<br>5. ആളോഹരി തനതു വരുമാന വ്യത്യാസവും ജനസംഖ്യയും തമ്മിലുള്ള ഗുണനഫലം | 25 | 30 | 30 | 25 | 25 |
| 5 | വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം | 15 | | | 15 | 15 |
| | ആകെ | 100 | 100 | 100 | 100 | 100 |

ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും UFC ഗ്രാന്റ് ഒഴികെയുള്ള പൊതു വിഭാഗം ഫണ്ട് അനുവദിക്കുമ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 75% ആയും നിജപ്പെടുത്തുന്നതാണ്.

SCSP ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണം. (അതായത്, 2011ലെ സെൻസസ് പ്രകാരം

| | | | |
|---|---|---|---|
| | | | 83.25:10.25:6.50 എന്ന അനുപാതത്തിൽ). ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ / ബ്ളോക്ക് / ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. ജനസംഖ്യക്കും ഇല്ലായ്മയുടെ തോതിനും (deprivation index) 60:40 എന്ന അനുപാതത്തിൽ വെയിറ്റേജ് കൊടുത്തു കൊണ്ടാണ് പട്ടികജാതി ഉപപദ്ധതി (SCSP) ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് വിതരണം നടത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി കൾക്കുമുള്ള പട്ടികജാതി ഉപപദ്ധതി ഫണ്ട് അനുവദിക്കുമ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 40% ആയും നിജപ്പെടുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ ഉപപദ്ധതി (TSP) ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തിൽ ഗ്രാമ പ്രദേശങ്ങൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവർക്കായി വിഭജിച്ചിരിക്കുന്നു. (അതായത് 91.96:6.08:1.96). ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെ വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. എല്ലാ ശ്രേണികളിലുമുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ജനസംഖ്യ 60%, ഇല്ലായ്മയുടെ തോത് (Index of Deprivation) 40% എന്ന് വെയിറ്റേജ് പ്രകാരം വിതരണം നടത്തുന്നു.<br><br>2011-ലെ സെൻസസ് പ്രകാരം പട്ടിക വർഗ്ഗ ജനസംഖ്യ 50 എങ്കിലുമുള്ള പ്രാദേശിക സർക്കാരുകൾക്ക് മാത്രമേ TSP ഫണ്ടുകൾ വിതരണം നടത്തിയിട്ടുള്ളൂ. |
| (ബി) | പ്ലാൻ ഫണ്ടിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതങ്ങൾ എത്ര വീതം എന്ന് അറിയിക്കുമോ; | (ബി) | ആകെ പ്ലാൻ ഫണ്ട് 8048 കോടി രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതം 5630.02 കോടി രൂപയും കേന്ദ്ര വിഹിതം 2417.98 കോടി രൂപയുമാണ്. |
| (സി) | ആകെ ലഭിക്കേണ്ട പ്ലാൻ ഫണ്ടിന്റെ മൂന്ന് ശതമാനം മാത്രമാണോ തദ്ദേശസ്ഥാപനങ്ങൾക്ക് നിലവിൽ അനുവദിച്ച് നൽകിയിട്ടുള്ളത് ; | (സി) | അല്ല. ആകെ ഉള്ളതിന്റെ (15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള) 1/3 ഭാഗമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ളത് മൊത്തമായും വിതരണം നടത്തിയിട്ടുണ്ട്. |
| (ഡി) | പ്ലാൻ ഫണ്ട് അലോട്ട്മെന്റ് ക്രമത്തിൽ വ്യത്യാസം വരുത്തുന്നത് സംബന്ധിച്ച് പതിനാലാം ധനകാര്യ കമ്മീഷൻ മുന്നോട്ടുവെച്ച ശിപാർശ സർക്കാർ അംഗീകരിക്കുകയുണ്ടായോ; എങ്കിൽ അതുപ്രകാരമുള്ള വ്യത്യാസം ഈ സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; അറിയിക്കുമോ; | (ഡി) | പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ കേന്ദ്ര സർക്കാരാണ് തീരുമാനം എടുത്തിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് തുക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുന്നില്ല. |
| (ഇ) | എങ്കിൽ ഇതുമൂലം ഓരോ വർഷവും പ്ലാൻ ഫണ്ടിൽ ലഭിക്കേണ്ടിയിരുന്ന വർധനവ് ഈ വർഷം നഷ്ടമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇതു പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ